# കൊട്ടിയൂർ

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കൊട്ടിയൂർ 2011-ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. 30.379 ച.കി.മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ വന്യജീവി സങ്കേതത്തിൽ നിത്യഹരിത വനങ്ങൾ, അർദ്ധ നിത്യഹരിതവനങ്ങൾ, ഇലപൊഴിയും വനങ്ങൾ, പുൽമേടുകൾ എന്നിവ കാണാം. ബാവലിപുഴ ഈ സങ്കേതത്തിന്റെ അതിർത്തിയിലൂടെയാണ് ഒഴുകുന്നത്. ജലസാന്നിദ്ധ്യവും പച്ചപ്പും ധാരാളമുള്ളതിനാൽ വന്യജീവി സമ്പത്താൽ അനുഗ്രഹീതമാണ് ഈ സങ്കേതം. കടുവ, ആന, കാട്ടുപോത്ത്, പുള്ളിമാൻ, കൂരമാൻ, എന്നീ വന്യജീവികളെ ഇവിടെ കാണാം.



കൂടുതൽ വിവരങ്ങൾക്ക് :


വൈൽഡ് ലൈഫ് വാർഡൻ

വളയംചാൽ, ആറളം ഫാം പി.ഒ., കണ്ണൂർ ജില്ല - 670673

ഫോൺ: 0490-2413160, 9447979101

ഇ-മെയിൽ : ww-aralam.for@kerala.gov.in

വെബ്സൈറ്റ് : www.aralam.org


